# Digital Magazine

# ഉദയം



DR.A.G.H.S.S KODOTH

കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കുന്നതിന്
**2022-25 ബാച്ച് ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ എളിയ ശ്രമം**

# ഉദയം

# ഡിജിറ്റൽ മാഗസിൻ

# എഡിറ്റോറിയൽ

**സ്റ്റുഡൻറ് എഡിറ്റർ**

- യദുനന്ദ സി

**സ്റ്റാഫ് എഡിറ്റേർസ്**

- അലോഷ്യസ് ജോർജ്
- കൃഷ്ണമണി കെ.ടി

**രക്ഷാധികാരി**

- സുമതി പി (ഹെഡ്മിസ്ട്രസ്)

**അംഗങ്ങൾ**

- അബീഷ ബി.എസ്
- ആദർശ് കെ
- ആദർശ് എ
- അലൻ ജോസഫ്
- അതുൽ കെ. ഗോപി
- അതുൽ ടി
- ദേവനന്ദൻ പി.എം
- ദേവദർശ് സൂരജ് നായർ
- ഫിദ ഫാത്തിമ ബി എച്ച്
- ജിഷ്ണു പ്രകാശ് എ
- ജോസഫ് റോജി
- വിസ്ജിത്ത് മാധവൻ
- സ്വാർത്ഥിക് കെ
- യദുനന്ദ സി
- വിഷ്ണു കെ

## ഉള്ളടക്കം

താങ്ങും തണലും.....6
അയന. എ.കെ, ക്ലാസ് 5.....6
സന്മനസ്സ്.....7
അനന്യ രാജേഷ്,ക്ലാസ്സ് 8.....7
ഗ്രാമത്തിലെ എന്റെ അവധിക്കാലം.....9
അനന്യ സുരേഷ്,ക്ലാസ്സ് 8.....9
മഞ്ഞുമഴ.....11
മരീന സെബാസ്റ്റ്യൻ,ക്ലാസ്സ് 8.....11
പൂവിനോട്.....13
ദേവാനന്ദ് , ക്ലാസ് 9.....13
അറിയാം ഐതിഹ്യം.....14
മരീന സെബാസ്റ്റ്യൻ, ക്ലാസ് 8.....14
മഴയോർമ്മകൾ.....17
അനനന്ദ കെ.എ, ക്ലാസ് 8.....17
ഫോട്ടോ.....19
- കെ.വി. മനോജ് കുമാർ.....19
കരുതലിന്റെ പൊലിമ.....22
പാതിരാചന്ദ്രൻ.....24
നന്ദന എ. വി, ക്ലാസ് 8.....24
എന്റെ കാലൻ കട.....25
ആവണി. പി, ക്ലാസ് 8.....25
തനിയെ.....27
വിജിത വി വി.....27
കനൽ.....30
കീർത്തന പി, ക്ലാസ് 9.....30

## ആശംസകൾ



വിവര സങ്കേതിവിദ്യയുടെ കാലഘട്ടത്തിൽ കുട്ടികളുടെ കമ്പ്യൂട്ടർ പരിജ്ഞാനം വർദ്ധിപ്പിക്കുന്ന കോടോത്ത് ഡോക്ടർ അംബേദ്ക്കർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും അറിയിക്കുന്നു.

സ്നേഹപൂർവ്വം,

സൗമ്യ വേണുഗോപാൽ
പി. ടി. എ പ്രസിഡന്റ്

## ആശംസകൾ



നമ്മുടെ സ്കൂളിലെ ലിറ്റിൽകൈറ്റ്സ് കുട്ടികൾ സർഗാത്മക സൃഷ്ടികൾ ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുകയാണ്. ഈ ഡിജിറ്റൽ യുഗത്തിൽ ഇതിന് വളരെ പ്രാധാന്യമുണ്ട്. ഇതിനു പിന്നിൽ പ്രവർത്തിച്ച കുട്ടികൾക്ക് അഭിനന്ദനങ്ങൾ. ഈ ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും.

സ്നേഹപൂർവ്വം,

സുമതി പി

ഹെഡ്മിസ്ട്രസ്

## ആശംസകൾ



ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനമികവിന്റെ സാക്ഷ്യപത്രമാണ് ഈ ഡിജിറ്റൽ മാഗസിൻ. അക്കാദമിക പഠനത്തോടൊപ്പം വിവരസാങ്കേതിക പരിശീലനവും ഒന്നിച്ച് കൊണ്ടുപോകുന്നതിൽ നിങ്ങൾ കാണിക്കുന്ന താല്പര്യം ഏറെ ശ്ലാഹനീയമാണ്. 'ഉദയം' എന്ന പേരിൽ നിങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് വിജയാശംസകൾ നേരുന്നു.

സ്നേഹപൂർവ്വം,
അലോഷ്യസ് ജോർജ്
ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ

## ആശംസകൾ



എഴുത്തിനും വായനയ്ക്കും പ്രാധാന്യം കുറഞ്ഞുകൊണ്ടിരിക്കുന്ന ഇന്നത്തെ കാലത്ത് പുതിയ തലമുറയിലെ കുട്ടികളെ അക്ഷരലോകത്തേയ്ക്ക് താല്പര്യപൂർവ്വം കൊണ്ടുവരാനുള്ള പരിശ്രമത്തിന് ആശംസകൾ നേരുന്നു. അതിന് ഡിജിറ്റൽ മാർഗ്ഗം സ്വീകരിച്ച ലിറ്റൽ കൈറ്റ്സ് യൂണിറ്റംഗങ്ങൾക്ക് അഭിനന്ദനങ്ങൾ.

സ്നേഹപൂർവ്വം,
കൃഷ്ണമണി കെ ടി
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

കവിത

# താങ്ങും തണലും

അയന. എ.കെ, ക്ലാസ് 5



അമ്മയാണെന്റെ വിജയരഹസ്യം
അച്ഛനാണെന്റെ തണൽമരവും
ഏട്ടനാണെന്റെ കരുത്തുറ്റ മോഹവും
ചേച്ചിയാണെന്റെ ചോദനവും

അനിയനാണെന്റെ കൂട്ടുകാരനും
അനുജത്തിയാണെന്റെ പൊന്നോമലും
എൻ കരുത്തായും നിൽക്കുന്നതും
എന്റെ പൊൻ ശ്വാസമായും
എന്റെ വിശ്വാസമായും
എന്റെ പ്രതീക്ഷയായും
തണലു നൽകുന്നതുമാണെൻ കുടുംബം.

കഥ

# സന്മനസ്സ്

അനന്യ രാജേഷ്,ക്ലാസ്സ് 8



പാലക്കാട് ജില്ലയിലെ ഏറ്റവും വലിയ പണക്കാരനും ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾ മുന്നോട്ടു കൊണ്ട് പോകുന്നതും പദ്മനാഭൻ തമ്പിയാണ്. പദ്മനാഭൻ തമ്പിക്ക് രണ്ട് മക്കളാണ്. പക്ഷെ, അവർക്ക് അമ്മയില്ല. ചെറുപ്പം മുതൽ ഇവരെ വളർത്തുന്നത് ഭാസ്കരനാണ്. ഭാസ്കരൻ അവിടുത്തെ ജോലിക്കാരനാണ്. ഭാസ്കരന്റെ ജീവിതം വളരെ കഷ്ടപ്പാട് നിറഞ്ഞതായിരുന്നു. ഈ വലിയ വീട്ടിൽ ജോലി കിട്ടിയതിൽ പിന്നെ അയാളുടെ കഷ്ടപ്പാടുകൾക്ക് ഇത്തിരിയെങ്കിലും ശമനം ഉണ്ടായിരുന്നു. ഭാസ്കരന് ഒരു മകൻ ഉണ്ട്. പക്ഷെ ഭാസ്കരന് അവനെ പഠിപ്പിക്കാനുള്ള അത്ര പണമൊന്നും ഇല്ലായിരുന്നു. ഇക്കാര്യം ഭാസ്കരൻ തന്റെ മുതലാളിയായ പദ്മനാഭനോട് പറഞ്ഞിട്ടില്ല. കാരണം, ഭാസ്കരന് ഉറപ്പായിരുന്നു തന്റെ മുതലാളി തന്നെ സഹായിക്കുമെന്നത്. തന്റെ ആവശ്യങ്ങൾക്ക് വേണ്ടി മറ്റുള്ളവർ കഷ്ടപ്പെടരുത് എന്ന് അയാൾ ആഗ്രഹിച്ചിരുന്നു.

ഒരു ഇടയ്ക്ക് ഭാസ്കരൻ തന്റെ മുതലാളിയോട് പറഞ്ഞു, നിങ്ങളുടെ മകൻ വലിയ ആളാകുമ്പോൾ മകന്റെ ഡ്രൈവറായി എന്റെ മകനെ നിർത്തണേ.... ഇപ്പോൾ എനിക്ക് വയസ്സായി തുടങ്ങി. ജോലി ചെയ്യാനൊന്നും കഴിയുന്നില്ല. പദ്മനാഭൻ തമ്പി പറഞ്ഞു, "ശരി. നിന്റെ മകനെ നാളെ തൊട്ട് ജോലിക്ക് വിട്ടോളു. നാളെ തന്നെ

നിന്റെ മകനെ എന്റെ മകന്റെ ഒപ്പം വിദേശത്തേക്ക് പോയ്ക്കോട്ടെ. അങ്ങനെ ആകുമ്പോൾ എന്റെ മകന് ഒരു കൂട്ടും ആകും. പിന്നെ അവന്റെ കാര്യങ്ങളും നടക്കട്ടെ". ഭാസ്കരൻ പദ്മനാഭനോട് നന്ദി പറഞ്ഞു തിരികെ വീട്ടിലേക്ക് വന്നു. പക്ഷെ പദ്മനാഭൻ തമ്പിയുടെ ഉദ്ദേശം വേറെയായിരുന്നു. തന്റെ മകനെപ്പോലെ ഭാസ്കരന്റെ മകനെയും അദ്ദേഹം വളർത്തി വലുതാക്കാൻ തീരുമാനിച്ചു. അങ്ങനെ രണ്ടു പേരെയും വിദേശത്തേക്ക് അയക്കുന്നു.

ഭാസ്കരൻ വീണ്ടും പഴയ പോലെ പദ്മനാഭന്റെ വീട്ടിൽ ജോലി തുടർന്നു. കാലങ്ങൾ കടന്നുപോയി. രണ്ട് മക്കളും നാട്ടിലേക്ക് വരുന്ന ദിവസമെത്തി. രണ്ടുപേർക്കും ജോലി കിട്ടിയ ശേഷമാണ് നാട്ടിൽ വരുന്നത്. പക്ഷെ ഇതൊന്നും ഭാസ്കരന് അറിയില്ല. മകനെ നേരിൽ കാണുമ്പോഴാണ് അയാൾക്ക് കാര്യങ്ങൾ മനസ്സിലാകുന്നത്. ഭാസ്കരന് പദ്മനാഭനോട് സ്നേഹവും, കടപ്പാടും തോന്നുകയും മരണം വരെ അദ്ദേഹം അത് പ്രകടിപ്പിക്കുകയും ചെയ്തു.

കഥ

# ഗ്രാമത്തിലെ എന്റെ അവധിക്കാലം

അനന്യ സുരേഷ്,ക്ലാസ്സ് 8




പട്ടണത്തിൽ താമസിക്കുന്ന ഞാൻ അവധിക്കാലം ആഘോഷിക്കാൻ ഏറെ സന്തോഷത്തോടുകൂടിയാണ് ഗ്രാമത്തിൽ താമസിക്കുന്ന എന്റെ മുത്തശ്ശിയുടെയും, മുത്തശ്ശന്റെയും അടുത്തെത്തിയത്. നഗരത്തിന്റെ തിരക്കിൽ നിന്നും മാറി ഗ്രാമത്തിന്റെ പച്ചപ്പും കുളിർമയും എന്നെ ഏറെ ആകർഷിച്ചു. പട്ടണത്തിൽ താമസിക്കുന്നവർക്ക് എന്നും തിരക്ക് പിടിച്ച ജീവിതമാണ്. ആരും പരസ്പരം കാണുകയോ, സംസാരിക്കുകയോ ചെയ്യാറില്ല. എന്നാൽ ഗ്രാമത്തിലാകട്ടെ, പരസ്പര സ്നേഹത്തോടെ കടകളിലും, വീട്ടുകളിലും സംസാരിച്ചുകൊണ്ടിരിക്കുന്ന ആളുകളെയും നമുക്ക് കാണാൻ പറ്റും. എങ്ങും പച്ചപ്പും, കിളികളുടെ ശബ്ദവും പുഴകളും, നെൽപ്പാടങ്ങളും, മരങ്ങളും, പൂക്കളും കൊണ്ട് മനോഹരമാണ്. രാവിലെ നാം കിളികളുടെ ശബ്ദം കേട്ടാണ് ഉണരുക. അന്നത്തെ ദിവസം തന്നെ മനോഹരമായിരിക്കും. മുത്തശ്ശന്റെയും, മുത്തശ്ശിയുടെയും അടുത്തെത്തിയ ശേഷമാണ് ഞാൻ ശുദ്ധവായു ശ്വസിച്ചത്. എന്തിനാണ് എന്റെ അച്ഛനും, അമ്മയും ഈ നഗരത്തിൽ പോയി താമസിക്കുന്നത്?

അവർക്കിവിടെ ഈ ഗ്രാമത്തിന്റെ ഭംഗിയും നന്മയും കണ്ട് ജീവിച്ചു കൂടെ എന്ന് ഞാൻ ആലോചിച്ചു. കൂട്ടുകാരുടെ കൂടെ പാടത്തും പറമ്പിലും കളിച്ചു നടന്ന ഞാൻ ആഘോഷിച്ചു. മാങ്ങയ്ക്ക് കല്ലെറിഞ്ഞും മാവിൽ കയറി മാങ്ങ പറിച്ചും അവധിക്കാലം മനോഹരമാക്കി. എങ്ങും പച്ചപ്പ് നിറഞ്ഞ ഗ്രാമം എന്തു മനോഹരമാണ്! കൂട്ടുകാരോടൊത്തു പുഴയിൽ മീൻ പിടിച്ചും കളിച്ചും നടന്നു. എല്ലാവരും അമ്പലക്കുളത്തിൽ പോയി താമരപ്പൂ പറിച്ചതും എല്ലാം നല്ലൊരു ഓർമ്മയായി. ദിവസങ്ങൾ കഴിയും തോറും എനിക്ക് വിഷമം വരാൻ തുടങ്ങി. കാരണം സ്കൂൾ തുറക്കാറായാൽ എനിക്ക് നഗരത്തിൽ വരണമല്ലോ. എന്റെ മുത്തശ്ശന്റെയും, മുത്തശ്ശിയുടെയും കൂടെ ഇനി കുറച്ചു ദിവസമല്ലേ ഉള്ളു. അവരുടെ കഥകളും, പലഹാരങ്ങളും എനിക്കിനി ലഭിക്കില്ലല്ലോ. ദിവസങ്ങൾ വേഗത്തിൽ പോകാതിരുന്നെങ്കിൽ...

കവിത

# മഞ്ഞുമഴ

മറീന സെബാസ്റ്റ്യൻ,ക്ലാസ്സ് 8



**എനിക്കാവതില്ലേ പെയ്യാതിരിക്കാൻ**
**എനിക്കാവതില്ലേ പാൽപ്പാടയല്ലേ**
**അതിരാവിലെ ഞാനണയുമ്പോഴും**
**ആതിഥേയത്തിനായ് വരുന്നതില്ലാരും**
**വെയിൽ വന്നു ഞാൻ മാഞ്ഞു പോവുമ്പോഴും**
**ഉണരാതെ നിദ്രയിലാണ് നിങ്ങൾ**

**കോടമഞ്ഞായും ഞാൻ വന്നുചേരുമ്പോൾ**
**തിരക്കിട്ട ഓട്ടത്തിലാണ് നിങ്ങൾ**
**ആരു മറന്നാലും പെയ്യാതിരിക്കാൻ**
**എനിക്കാവതില്ലേ വെൺപ്പാടയല്ലേ**

**മനുഷ്യലോകം മറന്നാലും എൻ-**
**വരവിനായ് കാത്തിരിക്കുമെൻ അമ്മതൻ ലോകം**
**മറക്കരുതാരുമീ പെറ്റമ്മയെ**
**പോറ്റി വളർത്തിയ പൊന്നമ്മയെ**

അവസാന നാളിൽ ചുംബനം നൽകാൻ
അനുവദിക്കണമെൻ വരവിനെ നിങ്ങൾ
എനിക്കാവതില്ലേ പെയ്യാതിരിക്കാൻ
എനിക്കാവതില്ലേ പാൽപ്പാടയല്ലേ

കവിത

# പൂവിനോട്

ദേവാനന്ദ് , ക്ലാസ് 9



പ്രഭാതത്തോടടുക്കും തോറും നിൻ ഭംഗിയിൽ
കണ്ണുവയ്ക്കാൻ മനുഷ്യർ എത്തുന്നു,
എൻ പൊൻ പൂവേ..
വസന്തത്തോട് അടുക്കുംതോറും
നിൻ ഭംഗിയിൽ ലോകം മുങ്ങുന്നു..
നിന്നോട് കളിപ്പാനും നിന്നിലെ തേൻ നുകരാനും
വന്നിരിക്കുന്ന കൊച്ചു കൂട്ടുകാരെല്ലാം..
നിൻ ഭംഗിയിൽ ഈ വസന്തകാല ഭംഗിയെല്ലാം ഉളവാകുന്നുവല്ലോ..
വേനലിൽ വാടി കുഞ്ഞിതളുകൾ തളരാതെ നിൽക്കുന്നുവല്ലോ.
എങ്കിലും പ്രകൃതിയിൽ വളർന്നിടുന്ന നീയും നിൻ കുടുംബവും മനുഷ്യനാൽ നശിക്കുന്നുവല്ലോ.
നിൻ സുഗന്ധം
മനസ്സിൽ മായാതെ.... സുന്ദര ഓർമ്മകൾ തന്ന്
ലോകത്തോട് വിട പറയുന്നു നീ എൻ പൂവേ ...

ലേഖനം

# അറിയാം ഐതിഹ്യം

മരീന സെബാസ്റ്റ്യൻ, ക്ലാസ് 8

അത്തം

ഓണാഘോഷത്തിന്റെ ആദ്യദിവസം. ഈ ദിവസം പാതാളത്തിൽ നിന്നും കേരളത്തിലേയ്ക്ക് വരാനുള്ള ഒരുക്കങ്ങൾ മഹാബലി രാജാവ് ആരംഭിക്കുന്നുവെന്ന് വിശ്വസിക്കുന്നു. കേരളത്തിലെ മിക്കവാറും എല്ലാ നാടോടി കലാരൂപങ്ങൾക്കും സാക്ഷ്യം വഹിക്കാനുള്ള അപൂർവ്വ അവസരം നൽകുന്നു. കൊച്ചിക്ക് സമീപമുള്ള തൃപ്പൂണിത്തുറയിൽ നടക്കുന്ന അത്തച്ചമയ ഘോഷയാത്രയോടെ സംസ്ഥാനത്തെമ്പാടുമുള്ള ഓണാഘോഷം ആരംഭിക്കുന്നു.

ഈ ദിവസത്തെ പൂക്കളത്തെ അത്തപ്പൂ എന്ന് വിളിക്കുന്നു. ഉത്സവത്തിന്റെ ഓരോ ദിവസവും കഴിയുന്തോറും പൂക്കളത്തിന്റെ വലുപ്പം വർദ്ധിക്കുന്നു. ഈ ദിവസം ലളിതമായ രൂപകല്പനയിൽ മഞ്ഞപ്പൂക്കൾ മാത്രം ഉപയോഗിച്ചായിരിക്കും അത്തപ്പൂക്കളം ഒരുക്കുന്നത്.

ചിത്തിര



പത്ത് ദിവസം നീണ്ടുനിൽക്കുന്ന ഓണാഘോഷങ്ങളുടെ രണ്ടാം ദിവസമാണ് ചിത്തിര. ഈ ദിവസം ആളുകൾ വീടുകൾ വൃത്തിയാക്കാൻ തുടങ്ങുന്നു. കൂടാതെ പൂക്കളത്തിലെ രണ്ടാം പാളി അലങ്കരിക്കുന്നത് ചിത്തിരനാളിലാണ്. പ്രത്യേക ആചാരാനുഷ്ഠാനങ്ങളൊന്നും ഇല്ലെങ്കിലും ദൈവാനുഗ്രഹത്തിനായി പ്രാർത്ഥനങ്ങൾ നടത്താറുണ്ട്.

ചോതി

ഉത്സവത്തിന്റെ മൂന്നാംദിവസമാണ് ചോതി. അന്ന് വിവിധ പൂക്കളുള്ള മറ്റ് പാളികൾ ചേർത്ത് പൂക്കളത്തിന്റെ വലിപ്പം കൂട്ടി അലങ്കരിക്കുന്നു. ഓണാഘോഷങ്ങൾക്കായി പുതിയ

വസ്ത്രങ്ങളും അനുബന്ധ സാധനങ്ങളും വാങ്ങുന്ന പതിവുള്ളതിനാൽ സംസ്ഥാനത്തെ വിപണികൾ ഈ ദിവസം മുതൽ സജീവമായിരിക്കും.

വിശാഖം

ഓണാഘോഷങ്ങളുടെ നാലാം ദിവസമാണ് വിശാഖം. ഓണത്തിന്റെ ഏറ്റവും ശുഭദിനമായി വിശാഖം കണക്കാക്കപ്പെടുന്നു. കുടുംബത്തിലെ ഓരോ അംഗവും സദ്യക്കായി എന്തെങ്കിലും സംഭാവന ചെയ്തുകൊണ്ടാണ് ഓണസദ്യയുടെ ഒരുക്കം ആരംഭിക്കുന്നത്.

അനിഴം

ഈ ദിവസം ഓണാഘോഷത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ദിവസമാണ്. വള്ളം കളികൾ നടത്തുന്നതും ചുണ്ടൻവള്ളങ്ങൾ ആറംമുള ഉത്രട്ടാതി വള്ളംകളിക്കായി ഒരുങ്ങുന്നതും അനിഴം നാളിലാണ്.

തൃക്കേട്ട

ഉത്സവത്തിന്റെ ആറാം ദിവസം കുടുംബങ്ങൾ അവരുടെ പൂർവ്വികരെ സന്ദർശിക്കുകയും പ്രിയപ്പെട്ടവരുമായി സമ്മാനങ്ങൾ കൈമാറുകയും ചെയ്യുന്നു. ഈ ദിവസം കുറഞ്ഞത് അഞ്ച് മുതൽ ആറുതരം പൂക്കൾകൊണ്ട് പൂക്കളം വലുതായി അലങ്കരിക്കുന്നു.

മൂലം

പത്ത് ദിവസം നീണ്ടു നിൽക്കുന്ന ഓണാഘോഷത്തിലെ ഏഴാംദിവസമാണ് മൂലം. ഉത്സവത്തിന് രണ്ട് ദിവസം മാത്രം ബാക്കി നിൽക്കെ കുടുംബങ്ങൾ പരസ്പരം ബന്ധുവീടുകൾ സന്ദർശിക്കുകയും പരമ്പരാഗത ഓണസദ്യയുടെ ചെറിയ പതിപ്പുകൾ പലയിടങ്ങളിൽ ആരംഭിക്കുകയും ചെയ്യുന്നു.

പൂരാടം

പൂരാടത്തിന്റെ അന്നാണ് മഹാബലിയുടെയും വാമനന്റെയും ചെറിയ കളിമൺ രൂപങ്ങൾ വീടിനു ചുറ്റും എടുത്ത പൂക്കളത്തിന്റെ മധ്യത്തിൽ വയ്ക്കുന്നു. ഒടുവിൽ മഹാബലിയെ ആളുകളുടെ വീടുകൾ സന്ദർശിക്കാൻ ക്ഷണിക്കുന്ന ദിവസമാണിത്. പൂക്കളത്തിന്റെ മധ്യത്തിൽ വെക്കുന്ന കളിമൺ രൂപങ്ങളെ ആ ദിവസം മുതൽ ഓണത്തപ്പൻ എന്ന് വിളിക്കും.



ഉത്രാടം

ഓണാഘോഷത്തിന്റെ ഒമ്പതാമത്തെ ദിവസമാണ് ഉത്രാടം. തിരുവോണത്തിന്റെ തലേദിവസമായ ഉത്രാടത്തെ ഒന്നാം ഓണമെന്നും വിളിക്കുന്നു.

ഐതിഹ്യമനുസരിച്ച് മഹാബലിയെ വരവേൽക്കുന്ന ദിവസം കൂടിയാണ് ഉത്രാടം.തിരുവോണത്തിന് മുന്നോടിയായുള്ള അവസാനഘട്ട തയ്യാറെടുപ്പുകളെ ഉത്രാടപ്പാച്ചിൽ എന്ന് പറയുന്നു.

തിരുവോണം

ഓണാഘോഷത്തിന്റെ പത്താമത്തെയും ഏറ്റവും പ്രധാനപ്പെട്ടതുമായ ദിവസമാണ് തിരവോണം. അത്തം പത്തിന് തിരവോണം എന്നാണ് ചെല്ല് . വിഷ്ണുവിന്റെ വാമനാവതാരത്തെയും ഇതിഹാസ ചക്രവർത്തിയായ മഹാബലി തമ്പുരാന്റെ തിരിച്ചുവരവും തിരുവോണനാളിൽ അനുസ്മരിക്കപ്പെടുന്നു. തിരുവോണദിനത്തിൽ മഹാബലി



രാജാവ് എല്ലാ വീടുകളും സന്ദർശിച്ച് ആളുകളെ കാണുമെന്നും വിശ്വസിക്കുന്നു. വളരെ വിപുലമായ പൂക്കളമൊരുക്കിയും സവിശേഷമായ ഓണസദ്യ ഒരുക്കിയും ആളുകൾ മഹാബലിയെ വരവേൽക്കുന്നു. കൈകൊട്ടികളി, പുലിക്കളി, നല്ല നാടൻ മത്സരങ്ങൾ തുടങ്ങിയവയൊടൊപ്പം കേരളത്തിന്റെ തനത് കലാരൂപങ്ങളും തിരുവോണനാളിലും തുടർന്നുള്ള അവിട്ടം ചതയം ദിനങ്ങളിലും അരങ്ങേറുന്നു.

അനുഭവക്കുറിപ്പ്

# മഴയോർമ്മകൾ

അനനന്ദ കെ.എ, ക്ലാസ് 8



മഴ ആനന്ദമാണ്. ഒരു അനുഭൂതിയാണ്. നക്ഷത്രസമാനമായ ഓർമ്മകൾ എനിക്ക് സമ്മാനിച്ച് വിശാലമായ ആനന്ദത്തിന്റെയും ഉല്ലാസത്തിന്റെയും ലോകത്തേക്ക് തുറന്നിട്ട വാതായനമാണ്.

എന്നിരുന്നാലും മഴക്കൊരു ദൃഷ്യവശം കൂടിയുണ്ട്. അധികമായാൽ അമൃതം വിഷമാണല്ലോ. അതുതന്നെ ഇവിടെയും. മഴ പ്രളയമായി മാറി, എത്രപേരുടെ ജീവനെടുത്തുവെന്ന് ആലോചിക്കുമ്പോൾ മഴയോട് ദേഷ്യം തോന്നുന്നു. എനിക്കും മഴ മോശമായ അനുഭവങ്ങൾ നൽകിയിട്ടുണ്ട്. ഒരിക്കൽ ഞങ്ങൾ കുടുംബക്കാർ എല്ലാം വരാന്തയിൽ ഇരുന്ന് ചായ കുടിക്കുകയാണ്. വലിയ കാറ്റും മഴയും. കാറ്റ് ആഞ്ഞു വീശുന്നുണ്ട് കൂടെ മഴയും ശക്തിപ്പെട്ടു. ഇടിയുടെയും മിന്നലിന്റെയും കാര്യം പിന്നെ പറയേണ്ടതില്ലല്ലോ. പെട്ടെന്നാണ് വലിയൊരു അഗ്നിരൂപം ഞങ്ങൾക്ക് നേരെ വന്നത്.

എല്ലാവരും മറിഞ്ഞുവീണു. ചായ മറിഞ്ഞൊഴുകി ഞങ്ങളുടെ വസ്ത്രങ്ങളിൽ കയറിപ്പറ്റി. രണ്ടുമൂന്ന ക്ലാസുകൾ പൊട്ടി. അങ്ങനെ നാശങ്ങളുടേത് മാത്രമായി ആ ദിനം.

എന്നാൽ നല്ല അനുഭവങ്ങൾ സമ്മാനിച്ച മഴക്കാലവും ഈ പതിമൂന്ന് വർഷങ്ങളിൽ എന്റെ മനസ്സിൽ ഇടം പിടിച്ചിട്ടുണ്ട്. ഓരോ തുള്ളി മഴയും ഭൂമിയിൽ പതിക്കുമ്പോൾ ഇറങ്ങി കളിക്കാൻ ഒരുപാട് ആഗ്രഹിച്ചിട്ടുണ്ട്. എന്നാൽ പനി വരും എന്ന് പറഞ്ഞു അമ്മ വിലക്കും. ഒരിക്കൽ നല്ല മഴ. എല്ലാവരും നല്ല ഉറക്കത്തിലായിരുന്നു. ഞാനും. ആദ്യം എന്റെ ഉറക്കം തെളിഞ്ഞു. എല്ലാവരും ഉറക്കത്തിലാണെന്ന സാഹചര്യം മുതലെടുത്ത് ഞാൻ ഇറങ്ങി, കുളിരു ചൂടിയ മഴയിലേക്ക്. പെട്ടെന്നാണ് അമ്മമ്മ എണീറ്റത്. ഞാൻ വേഗം അമ്മമ്മയുടെ നിർദ്ദേശപ്രകാരം കുളിച്ച വന്നു. എല്ലാവരും ഉണർന്നപ്പോൾ ഞങ്ങൾ കുട്ടികൾ തോണികൾ ഉണ്ടാക്കി വീട്ടിലെ നീരൊഴുക്കുകളിലൂടെ ഒഴുക്കിവിടുന്നു. ഹാ!എന്തു രസം! അതിങ്ങനെ ഒഴുകും. നമ്മുടെ ജീവിതം പോലെ... ചിലപ്പോൾ വെള്ളത്തിൽ കുതിർന്നു നശിക്കും. എവിടെയെങ്കിലും തടഞ്ഞുനിൽക്കും. അടുത്ത വേനലും മഴയും അനുഭവിച്ച് മണ്ണിലടിഞ്ഞ് വളമാകും. ചിലതിന് മഴവെള്ളം കൊള്ളാൻ പോലും ഭാഗ്യമുണ്ടാവില്ല. അതങ്ങനെയാണ്...

കഥ

# ഫോട്ടോ

- കെ.വി. മനോജ് കുമാർ

(മലയാളാധ്യാപകൻ)

രണ്ടുദിവസമായി ആ ഫോട്ടോ തപ്പുകയാണ് മോഹൻ. മാളിക സമാനമായ വീടിൻെറ ഉള്ളറകളിൽ കുറേക്കാലമായി കണ്ണും കയ്യും എത്താത്തിടത്തെല്ലാം തിരഞ്ഞു. കിട്ടിയില്ല. നിരാശയും അമർഷവും അയാളുടെ മുഖത്തും ചലനങ്ങളിലും നിറഞ്ഞു.

ക്ലബ്ബിന്റെ ഒടുവിൽ ചേർന്ന എക്സിക്യൂട്ടീവ് യോഗമാണ് അങ്ങനെയൊരു തീരുമാനമെടുത്തത്. ഈ വർഷത്തെ മദേഴ്സ് ഡേ ആഘോഷത്തിന്റെ ഭാഗമായി ക്ലബ്ബ് അംഗങ്ങൾക്കായി ഒരു മത്സരം നടത്തുന്നു. അംഗങ്ങൾ തങ്ങളുടെ അമ്മയ്ക്കൊപ്പമുള്ള അനർഘ നിമിഷങ്ങൾ ഉൾക്കൊള്ളുന്ന ഫോട്ടോകൾ മത്സരത്തിനായി സമർപ്പിക്കണം. ഏറ്റവും ഹൃദയസ്പർശിയായ ഫോട്ടോയ്ക്ക് പാരിതോഷികം.




സെക്രട്ടറി തീരുമാനം അറിയിച്ചപ്പോൾ തന്നെ മോഹന്റെ മനസ്സിൽ പാഞ്ഞെത്തിയത് ഒരു മൂന്നു വയസ്സുകാരൻ അമ്മയുടെ നെഞ്ചിൽ ഒട്ടിച്ചേർന്ന് പുഞ്ചിരിക്കുന്ന ആ ഫോട്ടോയാണ്. ക്യാമറകൾ അപൂർവ്വവും അത്ഭുതവും ആയിരുന്ന കാലത്ത് സിംഗപ്പൂരിൽ നിന്നും ലീവിനെത്തിയ അമ്മാവൻ പകർത്തിയ തന്റെയും അമ്മയുടെയും ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രം.

ആവശ്യമില്ലാത്തപ്പോഴൊക്കെ ആ ഫോട്ടോ അയാളുടെ കൺമുമ്പിൽ വന്നുപെടാറുണ്ട്. ഫ്രെയിം ചെയ്യാതെ മൂലകളൊക്കെ ദ്രവിച്ച് മഞ്ഞ നിറം കലർന്നു തുടങ്ങിയിരുന്ന അതിനെ അപ്പോഴൊക്കെ അയാൾ ഏതെങ്കിലും കടലാസു കെട്ടുകൾക്കിടയിൽ തിരുകും.

അവസാന പ്രതീക്ഷ എന്ന നിലയിൽ മോഹൻ തന്റെ പഴയ ഫയൽകെട്ടുകൾ കുടഞ്ഞു കൊണ്ടിരിക്കെ ഫോൺ ബെല്ലടിച്ചു. ഫോണെടുത്ത അയാളുടെ മുഖം പൊടുന്നനെ മ്ലാനമായി.

"എന്താ?"

അയാളുടെ ഭാവത്തിലെ അസാധാരണത്വം കണ്ട് ഭാര്യ ചോദിച്ചു. നഗരത്തിൽ താരനിബിഡമായ മെഗാഷോയ്ക്ക് പോകാനുള്ള ഒരുക്കത്തിൽ ചുണ്ടിൽ നിറം പുരട്ടുകയായിരുന്നു അവൾ.

. "ഓൾഡ് ഏജ് ഹോമിൽ നിന്നായിരുന്നു.. അമ്മ പോയി..."

അയാളുടെ ഉള്ളിൽ ഒരു നിമിഷം അമ്മ നിറഞ്ഞു. ആ ഓർമ്മകൾ അയാളുടെ ഹൃദയത്തെ ആർദ്രതരമാക്കി.



അമ്മയും ഏകമകനും സന്തുഷ്ടരായാണ് കഴിഞ്ഞിരുന്നത്. അമ്മയിൽ നിന്നും മകനെ പരിപൂർണ്ണമായി സ്വന്തമാക്കാനുള്ള നവവധുവിന്റെ നിർബന്ധബുദ്ധി നഗരത്തിലെ മുന്തിയ വൃദ്ധസദനത്തിൽ അമ്മയ്ക്ക് ഒരു മുറി ഉറപ്പാക്കി. മാസത്തിൽ വൃദ്ധസദനത്തിലേക്ക് അടക്കേണ്ടുന്ന തുകയുടെ കനം അയാളിൽ അമ്മയോട് ഈർഷ്യ വളർത്തി. പതിയെ പതിയെ അയാൾ അമ്മയെ വെറുത്തു. പതിയെ പതിയെ അയാൾ അമ്മയെ മറന്നു.

യാത്ര മുടങ്ങിയതിന്റെ നിരാശ ഭാര്യയുടെ മുഖത്ത് മൂടിക്കെട്ടി. പിറുപിറുക്കലുകളായി അത് പെയ്തിറങ്ങി.

ആംബുലൻസിൽ നിന്നിറങ്ങിയ ജഡം മുറ്റത്തിറക്കി വെച്ച കട്ടിൽ കിടന്നു.

നേരമേറെയായി. സന്നിഹിതരായ ചെറിയ ജനാവലി ഒഴിഞ്ഞു തുടങ്ങി.

"ഇനി വൈകിക്കേണ്ട എടുക്കാം. ആ കുളിപ്പിക്കുന്നോരിങ്ങു പോന്നോളൂ."- ആദ്യാവസാനക്കാരൻ നാരായണേട്ടന്റെ നിർദേശം.

പഴയൊരു സാരിയാൽ ചുറ്റിമറച്ച് നാട്ടുകാരിൽ ചിലർ മൃതദേഹത്തെ കുളിപ്പിക്കാൻ വട്ടം കൂട്ടി. ഇതിനിടെ നാരായണേട്ടനാണ് ആ ചുരുട്ടിയ കടലാസ് കണ്ടെടുത്തത്.

"ഇതാ മോഹനാ, ഒരു കടലാസ്. മുണ്ടിന്റെ കോന്തലയിലുണ്ടായിരുന്നതാ."

അമ്മയുടെ മടിശ്ശീലയിൽ കിടന്ന പാതി നനഞ്ഞ ആ മുഷിഞ്ഞ കട്ടിക്കടലാസ് അമ്പരപ്പോടും അതിലേറെ ആകാംക്ഷയോടും മോഹൻ നിവർത്തി.

അമ്മയുടെ നെഞ്ചിൽ ഒട്ടിക്കിടന്നുകൊണ്ട് ഒരു മൂന്നു വയസ്സുകാരൻ അതിൽ പുഞ്ചിരിച്ചുകൊണ്ടേയിരുന്നു.

അനുഭവക്കുറിപ്പ്

# കരുതലിന്റെ പൊലിമ



ഇന്ന് രാവിലെ ഇടിമുഴക്കത്തോടുകൂടിയാണ് രാജു ഉണർന്നത്. ഉണർന്നു കഴിഞ്ഞപ്പോൾ തന്നെ അവൻ ജനൽ പഴുതിലൂടെ നോക്കി. അപ്പോൾ തന്നെ അവൻ മനസ്സിൽ ഉറപ്പിച്ചു, അമ്മ ഇന്ന് തോട്ടിൽ കളിക്കാൻ വിടില്ല. ഇന്നാണെങ്കിൽ ഞായറാഴ്ചയാണ്. അതുകൊണ്ട് രാവിലെ മുതൽ തോട്ടിൽ കളിക്കാനാണ് അവൻ വിചാരിച്ചത്. അങ്ങനെ വിചാരിച്ചു കൊണ്ട് അവൻ പ്രഭാതകൃത്യങ്ങൾ ചെയ്തു. പിന്നെ ടി വി നോക്കാനായിരുന്നു അവന്റെ ഉദ്ദേശം. എന്നാൽ അമ്മ അതും സമ്മതിച്ചില്ല. കാരണം അടച്ചുകെട്ടി പെയ്യുന്ന മഴയാണല്ലോ. കൂടെ ഇടിയുമുണ്ട്. അമ്മൂമ്മയാണെങ്കിൽ രാമായണം വായിക്കുകയാ. അതിനു കാരണം അമ്മയോട് ചോദിച്ചപ്പോൾ അമ്മ പറഞ്ഞു, " കർക്കിടക മാസമൊക്കെയായില്ലേ." അമ്മയുടെ ആ മറുപടിയിൽ അവനൊന്നും മനസ്സിലായില്ലെങ്കിലും മനസ്സിലായ ഭാവത്തിൽ അവൻ നടന്നു.

ഉച്ചയ്ക്ക് മഴയ്ക്ക് ശമനമുണ്ടായി. അപ്പോൾ തന്നെ അവൻ പുറത്തേക്കിറങ്ങി. പുല്ലുകളിലെ മഴത്തുള്ളികളെ പൊട്ടിച്ചുകൊണ്ട് അവൻ ഓടാൻ തുടങ്ങി. നേരെ പോയി തോട്ടിൽ കാലിട്ടിരുന്നു. വൈകുന്നേരം വരെ ഒരു കുഴപ്പവുമുണ്ടായിരുന്നില്ല. പിന്നെ അവൻ വീട്ടിലേക്കു വരുമ്പോൾ ശക്തമായ കാറ്റു വന്നു. ആ കാറ്റിൽ വീടിന്റെ അടുത്തുണ്ടായിരുന്ന

ഒരു മരം വീടിന്റെ മേൽക്കൂരയിൽ വീഴുന്നത്. മേൽക്കൂര തകർന്ന് താഴേക്ക് വീണു. അവൻ കരഞ്ഞുകൊണ്ട് നാട്ടിൽ  എല്ലാവരോടും സഹായം തിരക്കി. ആരും അവന്റെ വാക്ക് ചെവിക്കൊണ്ടില്ല. അവസാനം അവൻ പോയത് ഒരു കടയിലായിരുന്നു. അവിടെ രണ്ട് ചേട്ടന്മാർ ഉണ്ടായിരുന്നു.

അവർ അവന്റെ കൂടെ പോയി.  വളരെ കഷ്ടപ്പെട്ട് അവർ അമ്മയെ രക്ഷിച്ചു.  അവൻ ദൈവത്തിന് നന്ദി പറഞ്ഞു.

കവിത

# പാതിരാചന്ദ്രൻ

നന്ദന എ. വി, ക്ലാസ് 8



അന്തിനേരത്തെ കാഴ്ചയാകുന്ന ചന്ദ്രനെ.....
കരിക്കൊമ്പനിൽ തിളങ്ങുന്ന തിങ്കളേ...
നിലാവെളിച്ചം പരത്തുന്ന വിധുവേ....
നീ അറിയുന്നുവോ, നിന്നെ വാഴ്ത്തി-
പ്പാടുന്ന പാട്ടുകേട്ട് എത്രയോ
ഓമനകണ്ണുകൾ ചിമ്മുന്നുവെന്ന്.....
പാൽപുഞ്ചിരി തൂകി വരുന്ന
തിങ്കളേ നീയാണ് അന്തിനേരത്തെ വിസ്മയ കാഴ്ച്ച...
അമ്പിളിമാമാ... നീയാണ് മോഹനഭംഗി.....
മോഹനഭംഗി!!

# എന്റെ കാലൻ കുട

ആവണി. പി, ക്ലാസ് 8



അന്ന് നല്ല മഴയുള്ള ഒരു ദിവസമായിരുന്നു.പതിവുപോലെ ഞാൻ സ്കൂളിൽ പോകാനിറങ്ങി.നടന്നായിരുന്നു സ്കൂളിൽ പോയിരുന്നത്.അന്നു ഞാൻ 3-ാം ക്ലാസിലാണ് പഠിക്കുന്നത്. കാലൻ കുടയും അതിൽ നിറയെ ഡോറ ബുജിയുടെ ചിത്രവുമുള്ള ഒരു മനോഹരമായ കാലൻ കുട.അതോ പിടിച്ച് സ്കൂളിലെത്തുമ്പോഴേക്കും പകുതി നനഞ്ഞിട്ടുണ്ടായിരിക്കും. നനഞ്ഞിലെങ്കിൽ മഴ നനയാനുള്ള ആഗ്രഹം കൊണ്ട് കുട പതിയെ താഴെക്ക് താഴ്ത്തും പിന്നെ പോകുന്ന വഴി നിറയെ മഴവെള്ളമായിരിക്കും അതിൽ തെളിഞ്ഞ വെള്ളത്തെ ചവിട്ടിതെറുപ്പിച്ച് ചളിവെള്ളത്തെ ക്ഷണിക്കുന്ന ശീലം അന്നും ഇന്നും എല്ലാം ഒരു രസമാണ്. അങ്ങനെ സ്കൂളിലെത്തികഴിഞ്ഞാൽ പിന്നെ ഇൻറർവെൽ ആകാൻ നോക്കിയിരിക്കും. പുതിയ കുട എല്ലാവരെയും കാണിക്കണ്ടേ? ഈ ചടങ്ങുകൾ എല്ലാംകഴിഞ്ഞ് സ്കൂളിൽ നിന്ന് തിരിച്ച് വീട്ടിലേക്കു പോകാൻ സമയമായി.വീടിന്റെ അടുത്തുള്ള ചേച്ചി കുടയെടുക്കാതിനാൽ ഞങ്ങൾ രണ്ടു പേരും എന്റെ കുടയിലാണ് വീട്ടിലേക്ക് പോയിരുന്നത്. ഞങ്ങളുടെ കഴുത്തിനു മുകളിലേക്കു കുടിയെ നനയാൻ ബാക്കിയുണ്ടായിരുന്നുള്ളൂ. ഞങ്ങൾ നടന്ന് വീടിനടുത്ത് എത്താറായി. നല്ല മഴയുണ്ടായിരുന്നു. അപ്പോഴാണ് ക്ഷണിക്കാതെ എത്തിയ ഭീകരമായ കാറ്റു വന്നത്. എന്റെ കുട

കാറ്റിനു വളരെ ഇഷ്ടമായതുകൊണ്ടായിരിക്കാം, മഴത്തുള്ളികളെയും ദിശതെറ്റിച്ചു കൊണ്ടുപോകുന്നതിനിടയിൽ എന്റെ കുടയെയും കാറ്റു കൊണ്ടു പോയി. കുട പറന്നു പറന്നു ഒരു മതിലിന്റെ അപ്പുറത്തെത്തി. മതിലും ചാടികടക്കാൻ ഞങ്ങളെ കഴിഞ്ഞിട്ടേയുള്ളൂ ആരും. കുട ഒരു മരത്തിന്റെ അടിയിൽ തങ്ങിയിട്ടുണ്ടായിരുന്നു. കുടയ്ക്കു കുഴപ്പമൊന്നും ഇല്ല. പക്ഷെ ഞങ്ങൾ മഴ നനഞ്ഞു കുതിർന്നിട്ടുണ്ടായിരുന്നു. ഞങ്ങളുടെ പുസ്തകത്തിന്റെ കാര്യമായിരുന്നു വളരെ കഷ്ടം. പെൻസിലുകൊണ്ടെഴുതിയതുകൊണ്ടായിരിക്കാം എല്ലാംമാഞ്ഞുപോയിരുന്നു. ഈ മഴയനുഭവം ഞാൻ ഒരിക്കലും മറക്കുകയില്ല. കാരണം ശൂന്യമായ ആ പുസ്തകതാളുകൾ ഞാൻ പിന്നെയും എഴുതി നിറച്ചു.

കവിത

# തനിയെ....

വിജിത വി വി

(മലയാളാധ്യാപിക)



എന്നും തനിച്ചായിരുന്നു നീ
ആൾക്കൂട്ടങ്ങളിൽ......
ആഘോഷവേളകളിൽ.....
സ്വന്തം മാംഗല്യ മുഹൂർത്തത്തിൽ പോലും....

സന്ധ്യാ സമയങ്ങളിൽ
ചെങ്കൽ മണവും ഒപ്പം
മണ്ണെണ്ണ വിളക്കിന്റെ
ഇരുണ്ട പുകയും
നിന്റെ ഏകാന്തതയ്ക്ക്

കൂട്ട വന്നപ്പോഴും
നാല്യ ചുമരുകൾക്കുള്ളിൽ നിന്ന്
നീ കാണാൻ ശ്രമിച്ച കിനാവുകൾക്കെല്ലാം
വിളറിയ നിലാവിന്റെ നിറമായിരുന്നു..



പുറമെ  കടും വർണ കുപ്പായമാണിയുമ്പോഴും
ഉള്ളിലെ മങ്ങിയ നിറമുള്ള നിലാവ്,
പലപ്പോഴും നിന്റെ
വസനത്തിൻ ശോഭ
നീ പോല്യമറിയാതെ
കവർന്നെടുക്കാറുണ്ട്.

ഒറ്റയ്ക്കായവർക്ക്
ആരെയും
ഭയക്കേണ്ടതില്ലല്ലോ....
എവിടെയും
കൂട്ട് തിരയേണ്ടതുമില്ലല്ലോ....
നേരെ പാഞ്ഞടുക്കുന്ന
വാക്കുകളുടെ കൂരമ്പുകൾ
ചെറുത്ത് നിൽക്കാൻ
പ്രത്യേക

പാഠശാലയും
തിരഞ്ഞ് പോകേണ്ടതില്ലല്ലോ.....

എന്നിട്ടും.....
പുറപ്പെട്ടിറങ്ങിയ;
സമൂഹത്തിന്റെ കണ്ണിലെ
ഒരുമ്പാടിന്റെ
യാത്രകൾ
പാതിവഴിയിലുപേക്ഷിച്ച്
നീ മടങ്ങുമ്പോഴും,
തിരികെ കൂടെ നടക്കാൻ
നിൻ നിഴലല്ലാതെ
ആരും കൂടെ ഉണ്ടായിരുന്നില്ലല്ലോ...

ആൾക്കൂട്ടത്തിലും
തനിച്ചൊരിടം
തേടാൻ കൊതിക്കുന്ന
പെണ്ണേ
നിന്നെ
ആരാണ്
പാതിവഴിയിൽ വലിച്ചെറിയുക.....
ആരാണ്
മോഹിക്കാതിരിക്കുക.....

കഥ

# കനൽ

കീർത്തന പി, ക്ലാസ് 9

ചുറ്റും യുദ്ധമയം..

ആ സ്ഥലം ഒരു തരിശുഭൂമി പോലെയായിരിക്കുന്നു. വഴികളൊന്നും വ്യക്തമല്ല. മേഘങ്ങൾ പോലെ മുന്നിലാകെ പുക മൂടിയിരിക്കുന്നു. പുകകൾക്ക് ഇടയിലൂടെ എന്തോ ഒന്ന് രാഹുലിന്റെ ശരീരത്തെ സ്പർശിച്ചു. ഭയപ്പാടോടെ അവൻ തിരിഞ്ഞുനോക്കി. അത് ഒരു വലിയ തോക്കായിരുന്നു. ഒരു കൈ അതിന്റെ കാഞ്ചിയിലേക്ക് അമരുന്നു. രാഹുലിന്റെ നെഞ്ചിടിപ്പ് ഉയർന്നു...

പെട്ടെന്ന് അവൻ ഉറക്കത്തിൽ നിന്ന് ഞെട്ടി എഴുന്നേറ്റു.അതൊരു സ്വപ്നമായിരുന്നു ! രാഹുൽ നെടുവീർപ്പിട്ടു. ഒരു യുദ്ധക്കളത്തിൽ നിന്ന് വീട്ടിലേക്ക് എത്തിയ സന്തോഷം !! ആശ്വാസമായി. മനസ്സിൽ എവിടെയോ ഒരു നടുക്കം. എവിടെയോ ഒരു ഭയം അവനെ തഴുകി.

ഇന്ന് അവന്റെ ജീവിതത്തിലെ ഒരു പ്രധാനപ്പെട്ട വഴിത്തിരിവ് വന്നിരിക്കുന്നു. അതെ അവൻ പോവുകയാണ്. അവൻ്റെ എല്ലാമെല്ലാമായ അമ്മയെയും ഭാര്യയെയും അവർക്ക് ജനിക്കാൻ പോകുന്ന കൺമണിയെയും വിട്ട് . പോകുന്നത് മാതൃദേശത്തെ സേവിക്കാൻ. അതെ നമ്മളെല്ലാം ഊണിലും ഉറക്കത്തിലും രാവും പകലും സമാധാനത്തോടെ ഇരിക്കുന്നതിനുള്ള കാരണം രാജ്യത്തെ കാവൽ നിൽക്കുന്ന പട്ടാളക്കാരാണ്. അവരുടെ അധ്വാനത്തിന്റെ ഫലമായാണ് നാം . അതുപോലെ രാജ്യത്തിനുവേണ്ടി ജീവിതം സമർപ്പിക്കുന്ന ഒരു പട്ടാളക്കാരനായി പോവുകയാണ് രാഹുൽ.

എങ്കിലും അവന്റെ മനസ്സിനെ എന്തോ ഒന്ന് അലട്ടുന്നുണ്ടായിരുന്നു. എങ്കിലും സ്വന്തം രാജ്യത്തിന് വേണ്ടിയല്ലേ എന്ന് കരുതി ധൈര്യം കൈവരിച്ചു. ഇന്ത്യയുടെ ജീവനാഡിയായ ജമ്മു കാശ്മീരിലേക്കാണ് പോസ്റ്റിങ്ങ് കിട്ടിയത്. അമ്മയുടെ അനുഗ്രഹവും വാങ്ങി പോകാൻ ട്രെയിനിൽ കയറി. കഴിക്കാനുള്ള ഭക്ഷണവും മറ്റും അമ്മ മകന് വേണ്ടി തയ്യാറാക്കി കൊടുത്തിരുന്നു. യാത്രയയക്കാൻ നിൽക്കുന്ന അവന്റെ അമ്മയും അമ്മയുടെ വാക്കുകളും അവന്റെ മനസ്സിലേക്ക് ഇരച്ചു കയറി. "സന്തോഷത്തോടെ പോയി വാ മകനെ. ഇവിടുത്തെ കാര്യം ആലോചിച്ച് വ്യാകുലനാകേണ്ടതില്ല. എപ്പോഴും കരുതിയിരിക്കണം".

ട്രെയിനിൽ നിന്ന് അറിയാതെ തന്നെ രാഹുൽ മയക്കത്തിലേക്ക് വീണു. ട്രെയിനിന്റെ ജനലിലൂടെ തണുത്ത കാറ്റ് ചെവിയിലേക്ക് തുളച്ചു കയറി. കണ്ണുകൾ തുറന്നു

നോക്കിയപ്പോൾ കണ്ട കാഴ്ച അവന്റെ കണ്ണുകളെയും മനസ്സിനെയും കുളിരണിയിച്ചു. അവിടെ ആകെ മഞ്ഞുമൂടിയിരിക്കുന്നു. വലിയ മരങ്ങളിലും മലമുകളിലും മഞ്ഞ് അധികാരം സ്ഥാപിച്ചിരുന്നു. തണുപ്പ് വർദ്ധിച്ചപ്പോൾ ജാക്കറ്റ് അണിഞ്ഞ് ട്രെയിനിൽ നിന്ന് പുറത്തിറങ്ങി.

അവിടെയെത്തിയപ്പോൾ ഉദ്യോഗസ്ഥരെ എല്ലാം പട്ടാളച്ചിട്ടയിൽ നിരനിരയായി നിന്ന് അവനെ തന്നെ സൂക്ഷിച്ച നോക്കി. എന്നാൽ കാര്യങ്ങൾ അവൻ വിചാരിച്ചത് പോലെ ആയിരുന്നില്ല. എല്ലാവരും അവനോട് സൗഹൃദത്തിൽ പെരുമാറി. മേലുദ്യോഗസ്ഥരുടെ പ്രിയപ്പെട്ടവനായി വൈകാതെ മാറി രാഹുൽ. മാറിയിരുന്ന കിട്ടുന്ന സമയങ്ങളിലൊക്കെ വീട്ടിൽ വിളിച്ച് വിവരങ്ങൾ പറയുമായിരുന്നു.

അതിനിടയിൽ സംശയാസ്പദമായി ഒരു സംഘം ആൾക്കാരെ രാഹുലും സംഘവും കാണുവാനിടയായി.അവർ താടിയും മുടിയുമൊക്കെ നീട്ടി വളർത്തിയവരായിരുന്നു. രാഹുലും മറ്റ ഉദ്യോഗസ്ഥരും അവരെ പിന്തുടർന്നു. മഞ്ഞുമൂടിയ പല പ്രദേശങ്ങൾ കടന്ന് അവരുടെ അടുത്തെത്തി. പട്ടാളക്കാരുടെ കയ്യിലെ തോക്ക് കണ്ട് വൃദ്ധന്മാർ പേടിച്ച് നിലവിളിച്ചു. ഞങ്ങൾ നിരപരാധികളാണെന്ന് അവർ ഹിന്ദിയിൽ കരഞ്ഞു പറഞ്ഞു. അവരെ പരിശോധിച്ചു. അവരിൽനിന്ന് ആയുധം ഒന്നും കിട്ടിയില്ല .കുറച്ച് ധാന്യങ്ങളും മറ്റും നിത്യോപയോഗ സാധനങ്ങളും മാത്രം. അപ്പോഴാണ് അവർ മനസ്സിലാക്കിയത്, അവർ സാധാരണ ജനങ്ങൾ ആയിരുന്നുവെന്ന്. അവരെ തെറ്റിദ്ധരിച്ചതിന് പട്ടാളക്കാർ ക്ഷമ ചോദിച്ചു. അവരെ വിട്ടയച്ചു.

പതിവുപോലെ അനുവദിച്ച സമയത്ത് അവൻ വീട്ടിലേക്ക് വിളിക്കുകയും വിവരങ്ങളൊക്കെ അന്വേഷിക്കുകയും ചെയ്തു. പതിയെ രാഹുൽ നിദ്രയിലേക്ക് വഴുതി വീണു. എന്തൊക്കെ ശബ്ദം കേട്ട് അവൻ ഞെട്ടി എഴുന്നേറ്റു. കണ്ണ് തുറന്നപ്പോൾ അത് ഫോൺ റിംഗ് ചെയ്ത ശബ്ദമായിരുന്നു.ആ ഫോണിൽ അവന്റെ അമ്മയായിരുന്നു .ഒരു സന്തോഷവാർത്ത അറിയിക്കാൻ വിളിച്ചതായിരുന്നു .അവൻ ഒരു അച്ഛനായിരിക്കുന്നു.!! പെൺകുട്ടി !! രാഹുലിന്റെ കണ്ണുകളിൽ നിന്ന് ആനന്ദക്കണ്ണീർ ഒഴുകി. തെളിഞ്ഞ കൊഴിഞ്ഞു സന്തോഷം കൊണ്ട് അവന്റെ മനസ്സ് പ്രകാശപൂരിതമായി. പക്ഷേ ആ പ്രകാശത്തിലേക്ക് അന്ധകാരം പകർത്തുന്ന ഒരു ശബ്ദം പുറത്തുനിന്ന് കേട്ടു. ഇടിമുഴക്കവും പുകയും. അമ്മയോട് ഒരു വാക്ക് പറയുന്നതിനു മുമ്പ്, ഭാര്യയെയും കുഞ്ഞിനെയും അന്വേഷിക്കുവാൻ പോലും നിൽക്കാതെ അവൻ പുറത്തു വന്നു നോക്കി. ഭീതിപ്പെടുത്തുന്നതും കണ്ണു നനയിക്കുന്നതുമായ കാഴ്ചകൾ ! അവന്റെ കൂടെയുണ്ടായിരുന്നവരല്ലാം ചോരയിൽ കുളിച്ച് കിടക്കുന്നു. രക്തത്തിന്റെ മണം എങ്ങും പടർന്നു.

ശത്രുക്കൾ അവിടെ അതിക്രമിച്ച് കയറി എന്ന് അവന് മനസ്സിലായി. അപ്പോൾ അവിടെ കണ്ട കാഴ്ച രാഹുലിന് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഇന്നലെ അവർ കണ്ട വൃദ്ധരുടെ സംഘമായിരുന്നു ആ അക്രമികൾ! ഇവരോടാണല്ലോ ഇന്നലെ ക്ഷമ അപേക്ഷിച്ചത് എന്നോർത്തപ്പോൾ അവന് അവനോട് തന്നെ വെറുപ്പും പുച്ഛവും തോന്നി.

സങ്കടവും ദേഷ്യവും സഹിക്കാനാവാതെ നിന്ന അവന്റെ നെഞ്ചിലേക്ക് ശത്രുക്കളുടെ വെടിയുണ്ടകൾ തുളച്ചു കയറി. വേദന സഹിക്കാനാവുന്നില്ല. മരണത്തെ നേരിൽ കണ്ടു. ആ നിമിഷം അവന്റെ മനസ്സിൽ ഒരേയൊരു ചിന്ത മാത്രം.അവന്റെ സ്വന്തം മകൾ ! ആ മുഖം കാണാനാകാതെ അവൻ കണ്ണടച്ചു.

നിറയെ സ്നേഹം കൊണ്ടുവരുന്ന ഭർത്താവിനെ കാത്തുനിന്ന ഭാര്യ കണ്ടത് ജീവനറ്റ അയാളുടെ ശരീരമായിരുന്നു. അവൾ കുഞ്ഞിനെയും നെഞ്ചോട് ചേർത്ത് പൊട്ടിക്കരഞ്ഞു.